(സി) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ അനുസരിച്ച് ഡാമിന്റെ ഉടമസ്ഥതയും നടത്തിപ്പും മേൽനോട്ടവും തമിഴ്നാട് സർക്കാരിനാണ്. 2003-ൽ നിലവിൽ വന്ന കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഒരു ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ട്. പ്രസ്തുത അതോറിറ്റിക്ക് ഡാമുകളുടെ സുരക്ഷയ്ക്ക് നടപടികൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.

(ഡി ആന്റ് ഇ) തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ ചുമതലയുള്ള തമിഴ്നാട് ഉദ്യോഗസ്ഥരുമായി കേരളത്തിന്റെ ചീഫ് എഞ്ചിനീയറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചർച്ച നടത്തിയിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ

*20 [200] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
„ ബിനോയ് വിശ്വം:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമിതിയുടെ പരിഗണനയ്ക്ക് വരുന്ന വിഷയങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; വിശദവിവരം അറിയിക്കാമോ;

(ഡി) കടലിൽ കാണാതാകുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. (അനുബന്ധമായി ചേർക്കുന്നു).†

(ഡി) ഉണ്ട്.

(ഇ) കടലിൽ കാണാതാകുന്നവർക്ക് അടിയന്തിരാശ്വാസമായി 25,000 രൂപ വീതം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം 3

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

18. സാക്ഷരത നേടാത്ത പട്ടികവർഗ്ഗക്കാർക്കും സാക്ഷരത നേടിയിട്ട് തുടർ വിദ്യാഭ്യാസം നേടാത്തവർക്കുംവേണ്ടി പിന്നോക്ക പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന 50 കേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാമ്പത്തിക സഹായം നല്കുന്നതാണ്. ഇപ്പോൾ സാക്ഷരത-തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കാത്ത ഏറ്റവും പിന്നോക്ക മേഖലകളിൽ പുതിയ 50 കേന്ദ്രങ്ങൾകൂടി തുറക്കുന്നതാണ്. തുടർ വിദ്യാഭ്യാസത്തിന്റെ നിലനില്പിന് വേണ്ടി നവസാക്ഷരതർക്ക് ഒരു ചെറിയ ലൈബ്രറിയും തുടങ്ങുന്നതാണ്.

19. ആദിവാസികൾക്ക് വയനാട്, തൃശ്ശൂർ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ബന്ധപ്പെട്ട സർവ്വകലാശാല വഴിയോ, അംഗീകൃത സന്നദ്ധ സംഘടനകൾ വഴിയോ മൂന്ന് റീ മെഡിറ്റേഷൻ കേന്ദ്രങ്ങൾ നൽകുന്നതാണ്.

20. നിലവിലുള്ള അംഗൻവാടികളിൽ അനുയോജ്യമായവ തിരഞ്ഞെടുത്ത് ചെറു വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറ്റുവാനും ഗ്രന്ഥശാല തുറക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

അനുബന്ധം III

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *20 (200) കാണുക]

ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതി

1. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് തൊഴിലാളി ഒന്നിന് 40,000 രൂപ വരെ ഗ്രാൻഡ് അനുവദിക്കുന്നു. ഇത് ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി യാണ്. നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ ഈയിനത്തിൽ വിനിയോഗി ക്കുന്നതാണ്.

2. കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസത്തിൽ ഒരു സാമ്പത്തികാശ്വാസം എന്ന നിലയിൽ നടപ്പിലാക്കി വരുന്ന ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

3. അടിസ്ഥാന വികസന സൗകര്യങ്ങളായ ഫിഷ്ലാന്റിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, റോഡുകൾ എന്നിവയുടെ നടത്തിപ്പിനായി 1225 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു.

4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് 250 ലക്ഷം രൂപ ലംപ്-സം-ഗ്രാന്റ് നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ടായിരുന്നു.

5. ആശുപത്രി, ഗൈഡ്ലൈറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം എന്നീ തീരദേശ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം.

6. ചെറുകിട സംരംഭങ്ങൾ

സ്വയംസഹായ സംഘങ്ങൾ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly